

# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ



## 1. ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും

# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്


© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം


1 ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും 1

1 കൂടുതൽ വിശാലമായ ജനാധിപത്യം . 2

2 സോവിയറ്റുകൾ . . . . . . . . . . . . 3

3 താൽക്കാലിക പരിമിതികൾ . . . . . 4

4 അവർ മടങ്ങിവന്നു . . . . . . . . . . . 5

5 മൂന്നു ശത്രുക്കൾ . . . . . . . . . . . . 6

6 സ്റ്റാലിൻ വാഴ്ച: ഉള്ളടക്കം ശോഷിപ്പിച്ചു 7

# 1

# ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും

സാർവ്വജനീനമായ മാനുഷികമൂല്യങ്ങൾക്ക് യാതൊരുവിലയും കൽപിക്കാതെ നിഷ്ഠൂരമായ വിദ്ധ്വംസകപ്രവർത്തനത്തിനും നിഷ്കരുണമായ അക്രമത്തിനുംവേണ്ടി എപ്പോഴും നിലകൊണ്ടിരുന്ന ഒരു ജനാധിപത്യവിരോധിയും ഗൂഢാലോചനക്കാരനായ സ്വേച്ഛാധിപതിയും ആയി ലെനിനെ അദ്ദേഹത്തിന്റെ ആരാധകരും എതിരാളികളും ഒരുപോലെ ചിത്രീകരിക്കാറുണ്ട്. ലെനിന്റെ ഇത്തരത്തിലുള്ള പരിഹാസ്യമായ ചിത്രം സത്യത്തിൽ നിന്നും വിദൂരമായതാണെന്നും, സോഷ്യലിസത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വീക്ഷണം ജനാധിപത്യത്തിന്റെ പരമമായ വികാസവും, ജനാധിപത്യ വ്യക്തിസ്വാതന്ത്ര്യങ്ങളുടെ സമ്പൂർണ്ണ സാക്ഷാത്കാരവും ഉൾക്കൊണ്ടതായിരുന്നുവെന്നും തെളിയിക്കുകയുമാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

ഒരു വർഗ്ഗഭരണത്തെ വേറൊരു വർഗ്ഗഭരണംകൊണ്ടോ, ഒരു സ്വേച്ഛാധിപത്യത്തെ മറ്റൊരു സ്വേച്ഛാധിപത്യംകൊണ്ടോ ഒരു പാർട്ടിഭരണത്തെ മറ്റൊരു പാർട്ടിഭരണംകൊണ്ടോ പകരംവെക്കുന്ന, ശുഷ്കിച്ച ഒന്നായിരുന്നില്ല ലെനിന്റെ സോഷ്യലിസ്റ്റ് സങ്കൽപം. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സോഷ്യലിസ്റ്റ് വിപ്ലവം ഭൂമിയിൽ യഥാർഥ സ്വാതന്ത്ര്യവും, സമത്വവും, സാഹോദര്യവും സ്ഥാപിക്കുന്നതിനും സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും സ്വാതന്ത്ര്യവും സന്തുഷ്ടിയും ഉറപ്പുവരുത്തുന്നതിനും ഉള്ള ഒരു മാർഗ്ഗമായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, വ്യക്തിയെ സമൂഹത്തിൽ മുക്കിക്കളയുക സാദ്ധ്യമായിരുന്നില്ല; കാരണം 'നിസ്സംശയമായും കർമ്മോന്മുഖരായ വ്യക്തികളുടെ ചെയ്തികൾകൊണ്ട് നിർമ്മിക്കപ്പെട്ടതാണ് ചരിത്രം.' സ്വതന്ത്രമായ അന്തരീക്ഷത്തിൽ തനതായ ഓരോ വ്യക്തിത്വത്തിന്റെയും സ്വതന്ത്രമായ വികാസമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. 1903-ൽ അംഗീകരിക്കപ്പെട്ട പാർട്ടി പരിപാടി തയ്യാറാക്കുന്നതിനിടയിൽ 'പ്ലെഖനോ' വുമായി നടന്ന വാദപ്രതിവാദങ്ങളിൽ 1902-ൽ തന്നെ ഇത് വ്യക്തമാക്കപ്പെട്ടിരുന്നു. പ്ലെഖനോവിനെ വിമർശിച്ചുകൊണ്ട് ലെനിൻ ഊന്നിപ്പറഞ്ഞു—"പുതിയസാമൂഹ്യക്രമം എല്ലാ അംഗങ്ങളുടെയും സ്വതന്ത്രവും സർവ്വതോന്മുഖമായ വികാസവും പൂർണ്ണക്ഷേമവും ഉറപ്പുവരുത്തുന്നതായിരിക്കണം." ലെനിന്റെ ഉറച്ച നിലപാടുകാരണമായിരുന്നു, തൊഴിലാളി വർഗ്ഗ സാമൂഹ്യവിപ്ലവം സമൂഹത്തിലെ വർഗ്ഗവിഭജനം അവസാനിപ്പിച്ചുകൊണ്ട് മർദ്ദിതജനതയെ മുഴുവൻ മോചിപ്പിക്കുമെന്നു മാത്രമല്ല, സമൂഹത്തിലെ എല്ലാ അംഗങ്ങളുടേയും സന്തുഷ്ടിയും ബഹുമുഖമായ വികാസവും—സമ്പൂർണ്ണജനാധിപത്യം—ഉറപ്പുവരുത്തുമെന്നു പാർട്ടിപരിപാടി പ്രഖ്യാപിച്ചത്.

അങ്ങിനെ സോഷ്യലിസം ജനാധിപത്യത്തിന്റെ നിഷേധമല്ല. വികാസമാണ് ഉൾക്കൊണ്ടത്. വ്യക്തിസ്വാതന്ത്ര്യത്തിന്റെ വാഴ്ചയാണു അതിന്റെ സത്ത.

എന്നാൽ ജനാധിപത്യം പരിപൂർണ്ണവികാസം പ്രാപിക്കുകയും സ്വാതന്ത്ര്യത്തിന്റെ വാഴ്ച തികച്ചും ഫലപ്രദമാക്കുകയും ചെയ്യണമെങ്കിൽ മൂലധനത്തിന്റെ മേധാവിത്വത്തെ തകർക്കുകയും തൊഴിലാളി വർഗ്ഗത്തിന്റെ സർഗ്ഗാത്മകശക്തികളെ അധികാരസോപാനത്തിലെത്തിക്കുകയും വേണമെന്നു ലെനിൻ ചൂണ്ടിക്കാണിച്ചു. സമൂഹത്തിന്റെ സമസ്തമേഖലകളിലും അതിന്റെ സമ്പദ്വ്യവസ്ഥ, അതിന്റെ രാഷ്ട്രീയം, അതിന്റെ സംസ്കാരം തുടങ്ങിയവയിൽ, ജനാധിപത്യത്തിന്റെ വിജയം ഉറപ്പുവരുത്തണമെങ്കിൽ, ചൂഷകവർഗ്ഗത്തിന്റെ നിലവാരം മെച്ചപ്പെടുമ്പോൾ ബൂർഷ്വാഭരണകൂടം തന്നെത്താനെ തിരോധാനം ചെയ്യുമെന്നു വാദിച്ചു. റിവിഷനിസ്റ്റുകളെ അതിശക്തമായി അദ്ദേഹം വിമർശിച്ചു. ബൂർഷ്വാ ഭരണ സോഷ്യലിസം കെട്ടിപ്പടുക്കുക അസാദ്ധ്യമാണെന്ന് അദ്ദേഹം പറഞ്ഞു. കമ്മ്യൂണിസ്റ്റു മാനിഫെസ്റ്റോവിൽ മാർക്സും, ഏംഗൽസും പ്രസ്താവിക്കുന്നതുപോലെ വിപ്ലവത്തിലെ ആദ്യത്തെ പടി "ജനാധിപത്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ വിജയം കൈവരിച്ചുകൊണ്ട്" "ഭരണവർഗ്ഗമായി രൂപാന്തരപ്പെട്ട തൊഴിലാളിവർഗ്ഗം" ബൂർഷ്വാഭരണകൂടത്തിന്റെ സ്ഥാനത്തുവരിക എന്നതാണ്. ഭരണകൂടത്തിന്റെ വർഗ്ഗസ്വഭാവം ഊന്നിക്കൊണ്ട്, പഴയ ബൂർഷ്വാ ഭരണയന്ത്രത്തെ തകർക്കേണ്ടതിന്റെയും പകരം അധീശവർഗ്ഗമായി സ്വയം ഉയരുന്ന തൊഴിലാളിവർഗ്ഗ ഭരണകൂടം സ്ഥാപിക്കേണ്ടതിന്റെയും ആവശ്യകതയ്ക്ക് അടിവരയിടുകയും ചെയ്തു, ലെനിൻ.

പാരീസ് കമ്മ്യൂണിനെ സംബന്ധിച്ച മാർക്സിന്റെയും ഏംഗൽസിന്റെയും ആശയങ്ങൾ ലെനിൻ പഠിക്കുകയും റഷ്യൻ സാഹചര്യങ്ങൾക്കനുസൃതമായി അവയെ പ്രയോഗിക്കുകയും ചെയ്തു. പാരിസ് കമ്മ്യൂണിന്റെ പാഠങ്ങളെ അവലംബമാക്കിക്കൊണ്ട്, മുതലാളിത്തത്തിനും സോഷ്യലിസത്തിനും ഇടയ്ക്കുള്ള ഒരവശ്യമായ ഘട്ടമാണ്, തൊഴിലാളിവർഗ്ഗസർവ്വാധിപത്യമെന്നദ്ദേഹം കണ്ടു.

ഒന്നാമതായി ചൂഷകവർഗ്ഗത്തിന്റെ ഏതെങ്കിലും തരത്തിലുള്ള ചെറുത്തുനിൽപിനെ തകർക്കുവാനും രണ്ടാമതായി ബഹുഭൂരിപക്ഷം ജനങ്ങൾക്കും കൂടുതൽ ഉയർന്ന തരത്തിലുള്ള ജനാധിപത്യം സാക്ഷാത്കരിക്കുവാനും, മൂന്നാമതായി വർഗ്ഗരഹിതവും ഭരണകൂടമില്ലാത്തതുമായ ഒരു സമൂഹത്തിലേക്കുള്ള പരിവർത്തനത്തിനു ഉറപ്പുവരുത്തുവാൻ വേണ്ടിയും തൊഴിലാളിവർഗ്ഗത്തിന്റെ ഏകാധിപത്യം ആവശ്യമാണ്. "ഏറ്റവും ജനാധിപത്യപരമായ ബൂർഷ്വാ റിപ്പബ്ലിക്കിനെക്കാളും ദശലക്ഷം തവണ കൂടുതൽ ജനാധിപത്യപരമായ ഒന്നാ"യിട്ടാണ് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തെപ്പറ്റിയുള്ള ലെനിന്റെ സങ്കൽപം. അദ്ദേഹം ഇങ്ങനെ വിശദീകരിച്ചു—തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം, കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനഘട്ടം, ആദ്യമായി, ജനങ്ങൾക്കു വേണ്ടിയുള്ള ഭൂരിപക്ഷം ജനങ്ങൾക്കു വേണ്ടിയുള്ള, ജനാധിപത്യം സൃഷ്ടിക്കാൻ പോവുകയാണ്. അതോടുകൂടിത്തന്നെ ന്യൂനപക്ഷമായ ചൂഷകരെ വരുതിയിൽ കൊണ്ടുവരിക എന്ന ആവശ്യമായ കൃത്യവും, പരിപൂർണ്ണ ജനാധിപത്യ കമ്മ്യൂണിസത്തിനു മാത്രമേ പ്രദാനം ചെയ്യുവാൻ കഴിയൂ. അതെത്ര കൂടുതൽ മെച്ചപ്പെട്ടതാണോ അത്രയും ശീഘ്രമായും, തൊഴിലാളിവർഗ്ഗസർവ്വാധിപത്യം ആവശ്യമില്ലാതായി വരികയും—അത് അപ്രത്യക്ഷമാകുകയും ചെയ്യും." (ഭരണകൂടവും വിപ്ലവവും).

സർവ്വാധിപത്യത്തിന്റെ ശക്തിയും കാര്യക്ഷമതയും അന്തർഭവിച്ചിരിക്കുന്നത് ചൂഷകവർഗ്ഗത്തിനെതിരായുള്ള ബലപ്രയോഗത്തിലുപരിയായി, ഭരണകൂടത്തിന്റെ തന്നെ രൂപാന്തരീകരണത്തിൽ തൊഴിലാളി വർഗ്ഗത്തിന്റെ ബോധത്തെയാണ്. കർഷകരേയും അതിന്റെ മറ്റു സാമൂഹ്യ സഖ്യശക്തികളെയും നയിക്കുന്നതിൽ അതിനുള്ള കെല്പിനെയുമാണ്.

തൊഴിലാളിവർഗ്ഗസർവ്വാധിപത്യം എന്നുമെന്നും നിലനിൽക്കുന്ന വ്യവസ്ഥയായി ലെനിൻ സങ്കൽപ്പിച്ചില്ല. ലെനിനെ സംബന്ധിച്ചിടത്തോളം മുതലാളിത്തത്തിൽ നിന്നും സോഷ്യലിസത്തിലേക്കുള്ള പരിവർത്തനഘട്ടത്തിലെ താൽക്കാലികമെങ്കിലും ഒരവശ്യ പ്രതിഭാസംമാത്രമായിരുന്നു അത്. യാഥാർഥ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ മാർക്സിനെപ്പോലെ ലെനിനും എല്ലാ മനുഷ്യരും മാനുഷിക വ്യക്തികൾ എന്ന നിലയിൽ പരിപൂർണ്ണ സ്വാതന്ത്ര്യം നേടുന്ന ഒരു വർഗ്ഗരഹിത സമുദായത്തെയാണ് ലക്ഷ്യമാക്കിക്കൊണ്ടിരിക്കുന്നത്. ഭരണകൂടം അലംഘനീയമായി നിലനിർത്തുവാൻ ആഗ്രഹിക്കുന്നവരെ വിമർശിച്ചുകൊണ്ട് ലെനിനെഴുതി. തൊഴിലാളിവർഗ്ഗത്തിനു ഒരു ഭരണകൂടം ആവശ്യമാണ്. എല്ലാ അവസരവാദികളും സോഷ്യൽ ചാവനിസ്റ്റുകളും കാട്സ്കീയൈറ്റുകളും ഓതിക്കൊണ്ടേയിരിക്കുന്നത് ഇതാണ്. എന്തിന്? മാർക്സിന്റെ നിർദ്ദേശമതാണെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുവാൻ! മാർക്സിന്റെ അഭിപ്രായത്തിൽ ഒന്നാമതായി തൊഴിലാളിവർഗ്ഗത്തിനു തിരോധാനം ചെയ്യുവാൻ തുടങ്ങുന്ന അപ്രത്യക്ഷമായിത്തീരേണ്ട വിധത്തിൽ സംഘടിപ്പിക്കപ്പെട്ട ഒരു സ്റ്റേറ്റാണാവശ്യമായത് എന്നുകൂടി കൂട്ടിച്ചേർക്കുവാൻ അവർ മറക്കുന്നു. രണ്ടാമതായി അദ്ധ്വാനിക്കുന്നവർക്കു ഒരു 'ഭരണകൂടം' ആവശ്യമാണ്. അതായത് തൊഴിലാളിവർഗ്ഗം ഭരണവർഗ്ഗമായി സംഘടിപ്പിക്കപ്പെട്ട ഒരു ഭരണകൂടം.

(ഭരണകൂടവും വിപ്ലവവും)

ഒരു സവിശേഷ രൂപത്തിലുള്ള ഉപകരണം, സമ്മർദ്ദം, ചെലുത്തുവാനുള്ള ഒരു പ്രത്യേക ഉപാധി. ഭരണകൂടം, ആവശ്യമായി വരും. എന്നാൽ അത് സാധാരണ അർഥത്തിലുള്ള ഭരണകൂടമായിരിക്കയില്ല. കാരണം കീഴ്പ്പെടുത്തുകയെന്നത് താരതമ്യേന അനായാസവും സ്വാഭാവികവും ആയ ഒരു സംഗതിയായിരിക്കും. അതിന്റെ അർഥം അടിമകളെയും തൊഴിലാളികളെയും അടിച്ചമർത്തുന്നതിനാവശ്യമായി വന്നതിലും കുറവായ രക്തച്ചൊരിച്ചിൽ മാത്രമേ ആവശ്യമായി വരൂ എന്നത്രെ. മാനവരാശി കൊടുക്കേണ്ട വില എത്രയോ തുച്ഛമായിരിക്കും എന്നാണതിനർഥം. ഇത് ജനാധിപത്യത്തിന്റെ വികാസ പരിധിക്കകത്തു ഭൂരിപക്ഷം ജനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതും, അതുകൊണ്ടുതന്നെ ഒരു പ്രത്യേക മർദ്ദനോപകരണത്തിന്റെ ആവശ്യം, വളരെ വേഗം ഇല്ലാതാക്കുന്നതുമായിരിക്കുകയും ചെയ്യും.

മാത്രമല്ല "സമൂഹത്തിലെ എല്ലാ അംഗങ്ങളും—അഥവാ ഭൂരിപക്ഷമെങ്കിലും, ഭരണം നടത്തുവാൻ പഠിക്കുകയും കാര്യങ്ങൾ സ്വന്തം കരങ്ങളിൽ കയ്യാളുവാൻ തുടങ്ങുകയും തുച്ഛമായ എണ്ണം മുതലാളികളായ ന്യൂനപക്ഷത്തിൻറേയും, മുതലാളിത്തസ്വഭാവങ്ങൾ വച്ചു പുലർത്താനാഗ്രഹിക്കുന്നവരുടെയും മുതലാളിത്തത്തിന്റേയും ഫലമായി ദുഷിപ്പിക്കപ്പെട്ടവരുടെയും മേൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുന്ന നിമിഷംതൊട്ടു ഒരു ഭരണയന്ത്രത്തിന്റെ ആവശ്യംതന്നെ ഇല്ലാതാകാൻ തുടങ്ങും." (ഭരണകൂടവും വിപ്ലവവും.)

## 1 കൂടുതൽ വിശാലമായ ജനാധിപത്യം

മുതലാളിത്തം ‘ബഹുജനങ്ങളുടെ ഇടയിൽ ജനാധിപത്യപ്രവണതകൾ സൃഷ്ടിക്കുന്നു’ വെന്നു ലെനിൻ അംഗീകരിച്ചു. എന്നാൽ ‘മുതലാളിത്തം പൊതുവെയും സാമ്രാജ്യത്വം വിശേഷിച്ചും ജനാധിപത്യത്തെ ഒരു മിഥ്യയാക്കിമാറ്റുന്നു.’ ജനങ്ങളുടെ സാമ്പത്തികാടിമത്തം ഇതിനു പ്രത്യേകകാരണമായിത്തീരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥാവകാശമില്ലാതിരുന്ന തൊഴിലാളിവർഗ്ഗത്തിനു ബൂർഷ്വാജനാധിപത്യം ഔപചാരികമായി അനുവദിക്കുന്ന പ്രത്യേകാവകാശങ്ങളോ, രാഷ്ട്രീയ സ്വാതന്ത്ര്യങ്ങളോ ഗണനീയമാംവിധം ഉപയോഗിക്കുവാൻ സാധ്യമല്ലായിരുന്നു. ഇതിനു വിപരീതമായി, തൊഴിലാളിവർഗ്ഗസർവ്വാധിപത്യം ഒന്നാമതായും, അത്തരം അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഔപചാരികമായി പ്രഖ്യാപിക്കുന്നതിനുപകരം, മുതലാളിത്തത്തിൻ കീഴിൽ മർദ്ദനമനുഭവിക്കുന്ന ജനങ്ങൾക്ക് അതായത് തൊഴിലാളിവർഗ്ഗത്തിനും കൃഷിക്കാർക്കും, അതു ഫലത്തിൽ അനുഭവവേദ്യമാക്കുന്നു.’ അപ്പോൾ ലെനിന്റെ അഭിപ്രായത്തിൽ, ജനാധിപത്യത്തിന്റെ മൊത്തത്തിലുള്ള നിഷേധമല്ല തൊഴിലാളിവർഗ്ഗസർവ്വാധിപത്യം. അത് ചൂഷകരായ മുതലാളിവർഗ്ഗത്തിനെതിരായി മാത്രമുള്ള സർവാധിപത്യവും, ബഹുഭൂരിപക്ഷം ജനങ്ങളെ സംബന്ധിച്ചിടത്തോളം ജനാധിപത്യവുമാണ്. മുതലാളിത്തത്തിൻറേയും സാമ്രാജ്യത്വത്തിൻറേയും നിഷ്കാസനം കൊണ്ട് അദ്ദേഹം ലക്ഷ്യമാക്കിയത് ജനാധിപത്യത്തിന്റെ വ്യാപ്തിയെ ശുഷ്കിപ്പിക്കുകയല്ല, ജനങ്ങളെ സംബന്ധിച്ചിടത്തോളം ജനാധിപത്യം യാഥാർഥ്യമാക്കുന്നതിനുവേണ്ടി അതിനെ വിശാലമാക്കുകയാണ്.

മുതലാളിത്തം സോഷ്യലിസത്തിലേക്കു പരിവർത്തനം ചെയ്യുന്ന കാലഘട്ടത്തിലെ സമൂഹത്തിന്റെ രാഷ്ട്രീയ രൂപമാണ് പാർലിമെൻററി ജനാധിപത്യറിപ്പബ്ലിക്കെന്നു മാർക്സും എംഗൽസും അഭിപ്രായപ്പെട്ടിരുന്നു. റഷ്യയിൽ നിലവിലിരുന്ന സാഹചര്യത്തിൽ ഈ ധാരണ പ്രായോഗികമല്ലെന്നു ലെനിൻ മനസ്സിലാക്കി. ബൂർഷ്വാ പാർലിമെൻററി ജനാധിപത്യം ലെജിസ്ലേറ്റീവ് (നിയമനിർമ്മാണ) അധികാരങ്ങളെ എക്സിക്യൂട്ടീവ് (നിയമം നടപ്പാക്കൽ) അധികാരങ്ങളിൽ നിന്നും വേർപെടുത്തി, ലെജിസ്ലേറ്റീവും എക്സിക്യൂട്ടീവും ആയ രണ്ട് അധികാരങ്ങളും പ്രയോഗിക്കുന്ന ജനാധിപത്യ പ്രാതിനിധ്യമുള്ള ഒരു സ്ഥാപനമാണ് ലെനിന് ആവശ്യമായിരുന്നത്. അദ്ദേഹം എഴുതി : ‘പ്രാതിനിധ്യസ്ഥാപനങ്ങൾ നിലനിൽക്കുന്നുണ്ട്. എങ്കിലും ഒരു പ്രത്യേക സമ്പ്രദായമെന്നനിലയിൽ ലെജിസ്ലേറ്റീവും എക്സിക്യൂട്ടീവുമായ പ്രവർത്തനങ്ങൾ തമ്മിൽ പ്രവർത്തിവിഭജനം സൃഷ്ടിക്കുന്ന, അതിന്റെ ഡെപ്യൂട്ടികൾക്കു പ്രത്യേകസ്ഥാനമാനങ്ങൾ നൽകുന്ന പാർലിമെൻററിസത്തിനു നിലനിൽപില്ലാതായിരിക്കുന്നു.’

“പ്രാതിനിധ്യസ്ഥാപനങ്ങളില്ലാതെ ജനാധിപത്യത്തെയോ തൊഴിലാളിവർഗ്ഗജനാധിപത്യത്തെയോ വിഭാവനം ചെയ്യുക നമുക്കു സാധ്യമല്ലെന്നും” അദ്ദേഹത്തിനറിയാമായിരുന്നു. എന്നാൽ അവ, അഭിപ്രായസ്വാതന്ത്ര്യവും ചർച്ചകളും വെറും ഒരു മിഥ്യയായിത്തീരുന്ന സ്ഥാപനങ്ങളാവരുത്. പ്രതിനിധികൾ അവർ നിർമ്മിക്കുന്ന നിയമങ്ങളെ സ്വയം നടപ്പിൽവരുത്തുകയും, സമ്മതിദായകരോടു നേരിട്ട് ഉത്തരവാദപ്പെട്ടിരിക്കുകയും വേണം. “മറ്റു വാക്കുകളിൽ പറഞ്ഞാൽ ലെനിൻ ആഗ്രഹിച്ചത്, ബൂർഷ്വാ ജനാധിപത്യത്തെ തൊഴിലാളികളും കർഷകരും സ്വയംഭരണാധികാരികളായിത്തീരുന്ന പ്രത്യക്ഷജനാധിപത്യംകൊണ്ട് പകരം വെക്കുകയെന്നതായിരുന്നു.

“തൊഴിലാളികൾ തന്നെ ഫലത്തിൽ നിയന്ത്രണം ചെലുത്തുന്ന വ്യവസ്ഥ ഉടനടി ഏർപ്പെടുത്തുവാൻ അവരാവശ്യപ്പെടണം.” ഉദ്യോഗസ്ഥ മേധാവികളുടെയോ, മുകളിൽ നിന്ന് നിയമിക്കപ്പെടുന്നവരുടെയോ ഒരു ഗവൺമെൻറ് സംസ്ഥാപിക്കാനുള്ള ഒരുപകരണമായിട്ടല്ല തൊഴിലാളികളും കൃഷിക്കാരും പരിഗണിക്കപ്പെട്ടത്. അവർ തന്നെയായിരുന്നു ഗവൺമെൻറ്. “ബഹുജനങ്ങൾ, വോട്ട് ചെയ്യുകയും, തിരഞ്ഞെടുക്കുകയും ചെയ്യുന്നതിൽക്കൂടി മാത്രമല്ല, ദൈനംദിന കാര്യങ്ങൾ നടത്തുന്നതിൽ കൂടിയും സ്വതന്ത്രമായി ഭരണത്തിൽ പങ്കുകൊള്ളും. പോലീസോ പട്ടാളമോ, ഉദ്യോഗസ്ഥന്മാരോ ഉണ്ടാവുകയില്ല. ഓരോ തൊഴിലാളിയും, ഓരോ കൃഷിക്കാരനും ഓരോ അദ്ധ്വാനിക്കുന്നവനും, ചൂഷിതരായവരെല്ലാവരും, അവസാനത്തെ ആൾവരെയുള്ള സമസ്ത ജനതതിയും ഭരണത്തിൽ പങ്കാളികളാകും) “അങ്ങനെ ലെനിന്റെ വീക്ഷണത്തിൽ ഉദ്യോഗസ്ഥമേധാവിത്വം ഇല്ലാതാക്കുന്നതിലും, ഗവൺമെൻറിന്റെ പ്രവർത്തനങ്ങൾക്കാധാരമായ എല്ലാ തീരുമാനങ്ങളുമെടുക്കുന്നതിലും ബഹുജനങ്ങളുടെ പ്രത്യക്ഷമായ പങ്കാളിത്തം സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനനുപേക്ഷണീയമായ ഒരു പാധിയാണ്. അതുകൊണ്ടാണ് സോവിയറ്റടിസ്ഥാനത്തിലുള്ള ജനാധിപത്യറിപ്പബ്ലിക്ക്, പരിവർത്തന കാലഘട്ടത്തിൽ ജനങ്ങൾക്കു യഥാർഥ സ്വാതന്ത്ര്യവും ജനാധിപത്യവും പ്രദാനം ചെയ്യുന്ന രാഷ്ട്രീയ സ്ഥാപനത്തിന്റെ കൂടുതൽ ഉയർന്ന ഒരു രൂപമാണെന്നദ്ദേഹം കരുതിയത്.” പ്രത്യക്ഷ ജനാധിപത്യത്തിന്റെ നേരിട്ടുള്ള ആനുകൂല്യങ്ങളും പാർലമെൻററി സമ്പ്രദായത്തിന്റെ ആനുകൂല്യങ്ങളും സംയോജിപ്പിക്കാൻ ‘സോവിയേറ്റ് രൂപത്തിലുള്ള ഗവൺമെൻറിനു സാധ്യമാകുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ആ വ്യവസ്ഥയിൽ, ബഹുജനങ്ങൾ വോട്ടിങ്ങിലും, തെരഞ്ഞെടുപ്പിലും, മാത്രമല്ല ദൈനംദിന ഭരണ നിർവഹണത്തിലും പങ്കെടുക്കാൻ സന്നദ്ധരായിത്തീരും.

## 2 സോവിയറ്റുകൾ

സോവിയറ്റുകൾ അഥവാ കൗൺസിലുകൾ 1905 ലെ വിപ്ലവകാലത്തുതന്നെ നിലവിൽ വന്നിരുന്നു. സാമ്പത്തികവും രാഷ്ട്രീയവുമായ അവരുടെ സമരങ്ങളെ ഏകോപിപ്പിക്കുകയും നയിക്കുകയും ചെയ്യുവാൻ തൊഴിലാളിവർഗ്ഗം തന്നെ നൈസർഗ്ഗികമായി സൃഷ്ടിച്ചതായിരുന്നു അവ. “ജനസംഖ്യയുടെ പത്തിൽ ഒൻപതുഭാഗത്തിന്റെ താൽപര്യങ്ങളെ പ്രതിനിധീകരിക്കുന്ന “തൊഴിലാളികളുടെ ഗവൺമെൻറിന്റെ ബീജമായിരുന്നു അവ. 1917-ൽ അവ നവ്യമായ ശക്തിയോടുകൂടി ഒരിക്കൽകൂടി പ്രത്യക്ഷപ്പെടുകയും തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിന്റെ സവിശേഷരൂപമായിത്തീരുകയും ചെയ്തു.

സോവിയറ്റ് ഭരണകൂടം ബൂർഷ്വാഭരണകൂടത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ രീതിയിൽ വിഭാവനം ചെയ്യപ്പെട്ടതാണ്. രണ്ടാമത്തേത് ജനസമൂഹത്തിൽ നിന്നും അകന്നുനിൽക്കുവാനും സമൂഹത്തിൽ നിന്നും ഉയർന്നു സ്വതന്ത്രമായി വർത്തിച്ചുകൊണ്ട് ഒരു ഇത്തിക്കണ്ണിപോലെ പിടിവിടാം. ഒരു സ്വന്തം നിലനിൽപ്പ ശാശ്വതമാക്കാനുള്ള പ്രവണതയുള്ള ഒരുപകരണമാണ്. നേരെ മറിച്ച്, സോവിയറ്റു ഭരണകൂടമാകട്ടെ സ്വയം ഇല്ലായ്മചെയ്യപ്പെടാനും സ്വയം കൊഴിഞ്ഞുപോകാനും പരിഷ്കൃത സമൂഹത്തിനുള്ളിലായി സ്വയം വിലയം പ്രാപിക്കാനും, ജനതയ്ക്കുപരിയായി നിലകൊള്ളുന്ന ഏതെങ്കിലും ബാഹ്യശക്തിയുടെ ഇടപെടലില്ലാതെതന്നെ ജനങ്ങൾക്കു സ്വയം ഭരിക്കുന്നതിനുള്ള സ്വയം ഭരണരൂപങ്ങൾ ഭരണകൂടത്തിന്റെ സ്ഥാനത്തു നിലവിൽവരുമെന്ന ധാരണയിലടിസ്ഥാനമാക്കിക്കൊണ്ടുമാണു, നിലവിൽ വരുന്നതുതന്നെ. മറ്റു വാക്കുകളിൽ പറഞ്ഞാൽ സോവിയറ്റു രൂപത്തിലുള്ള ഭരണകൂടം താൽക്കാലികമായ ഒരു പ്രതിഭാസമായിട്ടാണ് സങ്കൽപ്പിക്കപ്പെട്ടത്. അതു പരിഷ്കൃതസമൂഹവും ഭരണകൂടവും തമ്മിലുള്ള വ്യതിരിക്താവസ്ഥ പരിഹരിക്കുവാനുള്ള ആദ്യത്തെ ചുവടുവയ്പ്പാണ്. സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും അന്യഥാവൽക്കരണം അവസാനിപ്പിച്ചുകൊണ്ടു ഭരണകൂടം ഒരു പ്രത്യേകസ്ഥാപനമായി നിലനിൽക്കുന്നതിനെ ഇല്ലാതാക്കാൻ—അങ്ങനെ ഭരണകൂടമില്ലാത്ത ഒരു സമൂഹം സൃഷ്ടിക്കാൻ വഴിയൊരുക്കുന്നു.

ഒരു ജനാധിപത്യതൊഴിലാളിവർഗ്ഗഭരണകൂടത്തെ സംബന്ധിച്ച തന്റെ ആശയങ്ങൾ പ്രായോഗികമാക്കാൻ ലെനിൻ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം സന്ദർഭം ഒരുക്കി. എന്നാൽ ഇതൊരു എളുപ്പമുള്ള പണിയായിരുന്നില്ല. യുദ്ധത്തിന്റെ ഫലമായ കെടുതികൾക്കും അകത്തും പുറത്തുമുള്ള ശത്രുക്കളുടെ ശക്തിയായ സമ്മർദ്ദത്തിനും വിധേയമായിരുന്ന ഒരു പിന്നോക്കരാജ്യത്താണ് അദ്ദേഹത്തിനു സോഷ്യലിസം കെട്ടിപ്പടുക്കേണ്ടിവന്നത്. പ്രയാസമേറിയതും സങ്കീർണ്ണവുമായിരുന്ന പരിതസ്ഥിതികൾ ജനങ്ങളുടെ അധികാരശക്തിയുടെ രൂപമായ ജനാധിപത്യസ്ഥാപനങ്ങളെന്ന നിലയ്ക്കു സോവിയറ്റുകളുടെ പ്രവർത്തനം രൂപപ്പെടുത്തേണ്ടതു ഒരു വശത്തു ആവശ്യമായിവന്നുവെങ്കിൽ, മറുവശത്തു കേന്ദ്രീകൃതവും ചിട്ടയും അച്ചടക്കവുമുള്ളതുമായ നേതൃത്വത്തിന്റെയും ആവശ്യമുണ്ടായിരുന്നു.

സമ്പദ്വ്യവസ്ഥയുടെയും ഗവൺമ്മെൻറിന്റെയും കേന്ദ്രീകരണം ഉദ്യോഗസ്ഥമേധാവിത്വത്തിനു വഴിവച്ചു. വിശേഷിച്ചും നാടിന്റെ പിന്നോക്കാവസ്ഥയും ബഹുജനങ്ങളുടെ അജ്ഞതയും കാരണം. തളർച്ചബാധിച്ചവരും നിരക്ഷരരുമായ ബഹുജനങ്ങൾക്കു വിപ്ലവം നടത്തുക എന്നതുപോലെ സുസാധമായിരുന്നില്ല. വിപ്ലവത്തിനുശേഷം പൊന്തിവന്ന സങ്കീർണ്ണമായ സാമ്പത്തികവും സാമൂഹ്യവുമായ പ്രശ്നങ്ങളെ പരിഹരിക്കുകയെന്നതും പ്രത്യേക ചുമതലകൾ നിർവ്വഹിക്കാനുള്ള ഉദ്യോഗസ്ഥന്മാരെയും മറ്റു ചുമതലക്കാരെയും ഏതു ഭരണകൂടത്തിനുമെന്നപോലെ തൊഴിലാളിവർഗ്ഗഭരണകൂടത്തിനും ആവശ്യമാണെന്നു ലെനിനു അറിയാമായിരുന്നു. എന്നാൽ ഈ ഉദ്യോഗസ്ഥന്മാരും ചുമതലക്കാരും ന്യായദീക്ഷയില്ലാത്ത ഉദ്യോഗസ്ഥമേധാവികളായി ബഹുജനങ്ങളുടെമേൽ കുതിര കയറാനുള്ള പ്രവണത കാണിച്ചു. അതുകൊണ്ട് “ഗവൺമെൻറുദ്യോഗസ്ഥന്മാരുടെ കാര്യനിർവ്വഹണത്തിന്റെ സവിശേഷ രൂപങ്ങൾക്കു പകരമായി, മാനേജരന്മാരുടേയും ക്ലാർക്കുമാരുടെയും ലഘുവായ പ്രവർത്തനരീതികൾ ഉടനടിതന്നെ—ഇരുപത്തിനാലു മണിക്കൂറിനകം—പുനഃസ്ഥാപിക്കണമെന്നദ്ദേഹം ആവശ്യപ്പെട്ടു. “ഗവൺമെൻറുദ്യോഗസ്ഥന്മാരെ ബഹുജനങ്ങളോടുത്തരവാദപ്പെടുത്തിയും അവരെ ബഹുജന നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവന്നുകൊണ്ടും, കൂടുതൽ പൂർണ്ണമായ അളവിലും, കർശനമായും ജനാധിപത്യം പ്രയോഗത്തിൽ അനുഭവവേദ്യമാക്കാൻ കഴിയണ”മെന്നദ്ദേഹം പ്രഖ്യാപിച്ചു.

## 3 താൽക്കാലിക പരിമിതികൾ

വിപ്ലവത്തെത്തുടർന്നുണ്ടായ ആഭ്യന്തരയുദ്ധകാലത്തിൻറേയും വിദേശീയ ഇടപെടലിന്റെയും ചുറ്റുപാടുകളിൽ, പുത്തനായി പിറന്ന തൊഴിലാളിവർഗ്ഗഭരണകൂടശിശുവിനു, വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും മേൽ ചില നിയന്ത്രണങ്ങളും പരിമിതികളും ഏർപ്പെടുത്തേണ്ടിവന്നു. 1919 മാർച്ചിൽ കൂടിയ അഖിലറഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (ബോൾഷെവിക്ക്) യുടെ എട്ടാം കോൺഗ്രസ്സിന്റെ പുതിയ പരിപാടിയിൽ ഇവയെ താൽക്കാലിക നടപടികളെന്ന നിലയ്ക്കു ന്യായീകരിക്കുകയുണ്ടായി. പരിപാടി ഇപ്രകാരം പറഞ്ഞു :

“രാഷ്ട്രീയാവകാശങ്ങൾ എടുത്തു കളയുക എന്നതു, താൽക്കാലിക നടപടിയെന്ന നിലയ്ക്ക് ആവശ്യമാണെന്നു വിശദീകരിക്കുക തൊഴിലാളിവർഗ്ഗപാർട്ടിയുടെ ഉദ്ദേശങ്ങളിൽപ്പെടുന്നു. ചൂഷകന്മാരുടെ പ്രത്യേകാവകാശങ്ങൾ നിലനിർത്താനോ പുനഃസ്ഥാപിക്കാനോ നടത്തുന്ന ശ്രമങ്ങളെ പരാജയപ്പെടുത്താൻ ഇതാവശ്യമാണ്. ഒരു മനുഷ്യജീവിയെ മറ്റൊരാൾ ചൂഷണം ചെയ്യുക എന്നതിന്റെ സാദ്ധ്യത അപ്രത്യക്ഷമാവുന്നതോടുകൂടി ഈ നടപടികളുടെ ആവശ്യവും ക്രമേണ ഇല്ലാതാവും. പാർട്ടി അവയെ കുറയ്ക്കാനും പൂർണ്ണമായി റദ്ദാക്കാനും ശ്രമിക്കും.”

വ്യക്തിസ്വാതന്ത്ര്യവും ആശയങ്ങളുടെ പരസ്പരമുള്ള അഭിമുഖീകരണവും ഇല്ലെങ്കിൽ, സോവിയറ്റുകളുടെ ഓജസ്സ് വാർന്നു പോവുമെന്നു ലെനിനു അറിയാമായിരുന്നു. അതുകൊണ്ടായിരുന്നു ആഭ്യന്തരയുദ്ധത്തിന്റെയും വിദേശ ഇടപെടലിന്റെയും പരിതസ്ഥിതിയിൽപ്പോലും അഭിപ്രായസ്വാതന്ത്ര്യവും വിമർശനസ്വാതന്ത്ര്യവും ഗണ്യമായ ഒരളവിൽ അനുവദിക്കപ്പെട്ടത്. ലെനിന്റെ അഭിപ്രായങ്ങളുടെയും, ഭരണനയങ്ങളുടെയും വിമർശകരായിരുന്ന ട്രോട്സ്കി, ബുഖാറിൻ തുടങ്ങിയവരെപ്പോലും സ്വന്തം അഭിപ്രായങ്ങൾ തുറന്നു പറയാനും, പത്രങ്ങളിലും പൊതുപ്രസംഗങ്ങളിലും അവ സ്വതന്ത്രമായി പ്രകടിപ്പിക്കാനും അനുവദിച്ചിരുന്നുവെന്നതു ശ്രദ്ധേയമാണ്. ലെനിന്റെ അഭിപ്രായങ്ങൾക്കു ജനങ്ങളുടെ ബഹുഭൂരിപക്ഷത്തിന്റെയും പിന്തുണ ലഭിച്ചതു മറ്റെല്ലാ അഭിപ്രായഗതികളേയും അടിച്ചമർത്തിയതുകൊണ്ടായിരുന്നില്ല. നേരെമറിച്ചു, അവ യഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നവയും, ജനങ്ങളുടെ അഭിലാഷങ്ങളെ പ്രതിനിധീകരിക്കുന്നവയുമായിരുന്നതിനാലാണ്.

ആരംഭത്തിൽ സോവിയറ്റ് ഭരണകൂടം നിസ്സംശയമായും ഒരു വിപ്ലവപരമായ ജനാധിപത്യക്രമം തന്നെയായിരുന്നു. എങ്കിൽപോലും 1913 ആയപ്പോഴെക്കും “സോവിയറ്റു ഭരണത്തെ വികൃതപ്പെടുത്താനുള്ള” പ്രവണതകളെക്കുറിച്ചു ലെനിൻ തുറന്നു സംസാരിക്കാൻ തുടങ്ങി. ആരംഭത്തിൽ വിപ്ലവ ജനാധിപത്യത്തിന്റെ ഉപാധികളായിരുന്ന സോവിയറ്റുകൾ “അച്ചിൽവീണു കട്ടപിടിച്ചവയായി, ഒരു ഉദ്യോഗസ്ഥ മേധാവിത്വഭരണകൂടത്തിന്റെ ഉപകരണമായി ഉറഞ്ഞവയായി പരിണമിച്ചുകൊണ്ടിരിക്കുന്നു” വെന്നദ്ദേഹം കണ്ടറിഞ്ഞു.

“സോവിയറ്റുകളിലെ അംഗങ്ങളെ പാർലമെൻററിയന്മാരായും ഉദ്യോഗസ്ഥമേധാവികളായും പരിവർത്തനം ചെയ്തെടുക്കാനുള്ള ഒരു പെറ്റിബൂർഷ്വാ പ്രവണത കാണുന്നുണ്ട്. ഇതിനെതിരെ നാം പോരാടണം. ഭരണത്തിൽ എല്ലാ മെമ്പറന്മാരെയും സജീവമായി പങ്കെടുപ്പിക്കാൻ നാം ശ്രമിക്കണം. ഓരോ തൊഴിലാളിയും തന്റെ ദിവസേനയുള്ള തൊഴിൽ സംബന്ധമായ അദ്ധ്വാനം കഴിഞ്ഞാൽ, തികഞ്ഞ സന്മനസ്സോടുകൂടി തന്റെ സാമൂഹിക ചുമതലകൾ നിറവേറ്റിയിരിക്കുക എന്നതാണു നമ്മുടെ ലക്ഷ്യം. ഇതിലേക്കുള്ള അന്തരാഘട്ടമാണു പ്രത്യേകിച്ചും, പ്രയാസമുള്ളത്. എന്നാൽ ഈ പരിവർത്തനത്തെ തരണം ചെയ്യുന്നതിൽക്കൂടി മാത്രമേ സോഷ്യലിസത്തിന്റെ അന്തിമമായ ദൃഢീകരണത്തിനുള്ള ഉറപ്പു നമുക്കു ലഭിക്കുകയുള്ളൂ.” “നമ്മുടെ ഭരണസംവിധാനത്തിൽ ഉദ്യോഗസ്ഥമേധാവിത്വം പഴുത്തൊലിച്ച ഒരു പുണ്ണായിതീർന്നിരിക്കുന്നു. അതിനാൽ പാർട്ടി പരിപാടിയിൽ അതേപ്പറ്റി പരാമർശിക്കേണ്ടിവന്നു.” വെന്നദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. “ഉദ്യോഗസ്ഥ മേധാവിത്വത്തിനെതിരായ സമരം അങ്ങേയറ്റം ആവശ്യമായിതീർന്നിരിക്കുന്നുവെന്നു നാം മനസ്സിലാക്കണം.” എന്നദ്ദേഹം ആഹ്വാനം ചെയ്തു.

ഒക്ടോബർ വിപ്ലവത്തിന്റെ വിജയത്തിന്റെ രണ്ടു കൊല്ലത്തിനകം തന്നെ സോവിയറ്റുകൾക്കു നേരിട്ടുള്ള ഭരണാധികാരം നഷ്ടപ്പെട്ടുവെന്നു സൂക്ഷ്മദൃക്കായ ലെനിൻ മനസ്സിലാക്കി. “അവരുടെ പരിപാടിയനുസരിച്ചു തൊഴിലാളികളാൽ നടത്തപ്പെടുന്ന ഭരണോപാധികളാണ് സോവിയറ്റുകൾ. പക്ഷേ അദ്ധ്വാനിക്കുന്ന, ജനങ്ങൾ നേരിട്ടുഭരണം നടത്തുന്നതിനുള്ള ഉപകരണങ്ങളെന്നതിൽ നിന്നും വ്യത്യസ്തമായി അവ തൊഴിലാളികൾക്കുവേണ്ടി വാസ്തവത്തിൽ, തൊഴിലാളി വർഗത്തിന്റെ ഏറ്റവും മുന്നണിയിൽ നിൽക്കുന്ന വിഭാഗത്തിനു ഭരണം നടത്താനുള്ള ഉപാധികൾ മാത്രമാ” ണെന്ന യാഥാർത്ഥ്യത്തെ 1919 മാർച്ചിൽ അദ്ദേഹം തുറന്നു സമ്മതിച്ചു.

## 4 അവർ മടങ്ങിവന്നു

സോവിയറ്റു വാഴ്ചയെ ആദ്യം സാറിസ്റ്റ് ഉദ്യോഗസ്ഥന്മാർ ബഹിഷ്കരിച്ചിരുന്നു. എന്നാൽ പിന്നീട് അതുമായി സഹ കരിക്കാൻ അവർ തീരുമാനിച്ചു. "അവർ മടങ്ങിവന്നു. അതോടെ നമ്മുടെ ദുരിതങ്ങളുമാരംഭിച്ചു" എന്നാണ് ലെ നിൻ പറഞ്ഞത്. "ഭരണത്തിന്റെ പരമോന്നതസ്ഥാന ത്തു നമുക്കു കൃത്യമായി എണ്ണം പറയാൻ കഴിയില്ലെങ്കി ലും ഏറ്റവും ചുരുങ്ങിയതു ഏതാനും ആയിരം പേർ, ഏറ്റ വും കൂടിയാൽ, ഏതാനും പതിനായിരംപേർ, നമ്മുടെ സ്വന്തം ആളുകളായി നമുക്കുണ്ട്. എന്നാൽ വംശാവലി യുടെ ചുവട്ടിൽ തുടരുന്നതു നമുക്കു സാറിൽനിന്നും ബൂർ ഷ്വാസമൂഹത്തിൽ നിന്നും കിട്ടിയ ലക്ഷണം തികഞ്ഞ പഴയ ശേവുകക്കാരെയാണ്. ഇവർ കുറെ ബോധപൂർ വ്വവും കുറേ ബോധപൂർവ്വമല്ലാതെയും പ്രവർത്തിക്കുന്നു." (45 പേജ് 290).

ഈ സംഭവവികാസത്തിൽ ലെനിൻ ഉൽക്കണ്ഠാകു ലനായിരുന്നു. അദ്ദേഹം എഴുതി : "എന്താണപ്പോൾ പോരായ്മ? കമ്മ്യൂണിസ്റ്റ് നേതാക്കന്മാർക്കില്ലാത്തതെ ന്താണെന്നു വളരെ വളരെ വ്യക്തമാണ്. അവർക്കില്ലാ ത്തതു സംസ്കാരമാണ്. നമുക്കു മോസ്കോയുടെ കാര്യമെ ടുക്കാം. 4700 കമ്മ്യൂണിസ്റ്റ് നേതാക്കന്മാരും, ഉദ്യോഗ സ്ഥമേധാവികളുടെ ഒരു വൻപരപ്പും, ആരാണ് നേതൃ ത്വം നൽകുന്നത്? ആരാണു നയിക്കപ്പെടുന്നത്? കമ്മ്യൂ ണിസ്റ്റുകാരാണ് നയിക്കുന്നത് എന്നു എങ്ങിനെ പറ യാൻ കഴിയുമെന്നു ഞാൻ വളരെയേറെ സംശയിക്കു ന്നു. അവർ നയിക്കപ്പെടുകയാണെന്നു പറയാമെന്നു ഞാൻ വിചാരിക്കുന്നു." (വോള്യം 50 പേജ് 95).

ഭരണസ്ഥാപനങ്ങളുടെ പോരായ്മകൾ പരിഹരിക്കാൻ രണ്ടുപാധികൾ അത്യന്താപേക്ഷിതമാണെന്നു ലെനിൻ കണ്ടു : ഒന്നാമതു "തികച്ചും കൊള്ളരുതാത്തതും നാം പഴയതു ഭരണത്തിൽ നിന്നു അപ്പടി ഏറ്റെടുത്തതുമായ ഭരണസ്ഥാപനങ്ങളെ രൂപാന്തരം ചെയ്യുക" എന്നതും, രണ്ടാമതു ഒരു സാംസ്കാരിക വിപ്ലവത്തിൽക്കൂടി ജനങ്ങ ളിൽ മതിയായ ഉണർവ്വും ബോധവും സൃഷ്ടിക്കുക എന്ന തും.

## 5 മൂന്ന ശത്രുക്കൾ

1921 ഒക്ടോബറിൽ ലെനിൻ നിർദ്ദാക്ഷിണ്യം എതിർക്കേണ്ട മൂന്ന ശത്രുക്കളെ എടുത്തു കാണിച്ചു. ഒന്നാമതു കമ്മ്യൂണിസ്റ്റുകാരുടെ ധിക്കാരവും ആർഭാടവും, രണ്ടാമതു ബഹുജനങ്ങളുടെ നിരക്ഷരത്വം, മൂന്നാമതു സ്വാർഥപൂരിതമായ കച്ചവടമനഃസ്ഥിതിയും അഴിമതിയും, വേണ്ടത്രബോധം ജനങ്ങളിലില്ലാത്തതിനാലാണ് ഈ മൂന്ന ശത്രുക്കളും തഴച്ചുവളരുന്നത് എന്നദ്ദേഹം പറഞ്ഞു.

1922 ജനുവരി 23 ന് അദ്ദേഹം എഴുതി : "ഭൂതകാലത്തിന്റെ അവശിഷ്ടമെന്നതിന്റെ ക്ലാസിക് മാതൃകയാണ് നമ്മുടെ വിദേശകാര്യാലയമൊഴികെയുള്ള ഭരണസ്ഥാപനങ്ങൾ. ഉച്ചകോടിയിൽമാത്രം അതിനു നേരിയ മട്ടിൽ സ്വർണ്ണം പൂശിയിട്ടുണ്ട്. ബാക്കി എല്ലാവിധത്തിലും അതു പഴയ ഭരണയന്ത്രത്തിന്റെ അസൽമാതൃകതന്നെയാണ്."

വീണ്ടും 1823 മാർച്ച് 2 ന് അദ്ദേഹം ഇപ്രകാരം എഴുതി:

> "നമ്മുടെ ഭരണകൂടത്തെ സംബന്ധിച്ചിടത്തോളം സ്ഥിതിഗതികൾ ഇവിടെ അതിദയനീയമാണ്. ഭരണയന്ത്രത്തിന്റെ ഈ പോരായ്മകളെ നേരിടാൻ എന്താണു വഴിയെന്നതിനെപ്പറ്റി നാം ഗൗരവപൂർവ്വം അൽപം ചിന്തിക്കണം. ഭൂതകാലശക്തികളെ മറിച്ചിട്ടിട്ടുണ്ടെങ്കിലും അവയെ നാം കീഴടക്കിക്കഴിഞ്ഞിട്ടില്ല. അതേസമയം അവയെ വളരെ പുരാതനമായ ഒരു സംസ്കാരത്തിന്റെ നിലവാരത്തിലേക്കു തള്ളിക്കഴിഞ്ഞിട്ടുമില്ല എന്നീ വസ്തുതകൾ മറന്നുകളയുകയുമരുത്."

ഉദ്യോഗസ്ഥമേധാവിത്വത്തിനെതിരായി സ്ഥായിയായി സമരം ചെയ്യാതെ, നിഷേധപരവും ജനാധിപത്യവിരുദ്ധവുമായ എല്ലാ പ്രവണതകൾക്കും മേൽ പൂർണ്ണമായി വിജയംവരിക്കാതെ, സോഷ്യലിസം ഒരു യാഥാർഥ്യമായി തീരുകയില്ലെന്നു ലെനിനു ബോദ്ധ്യമുണ്ടായിരുന്നു. തൊഴിലാളി-കർഷക പരിശോധനാസമിതികളിലൂടെയും മറ്റു പ്രായോഗികനടപടികൾ മുഖേനയും ബഹുജനങ്ങളുടെയും പാർട്ടിയുടെയും നേരിട്ടുള്ള നിയന്ത്രണം ഭരണത്തിന്മേൽ ഏർപ്പെടുത്തി. സോവിയറ്റു അധികാരം അധഃപതിക്കുന്നതു തടയാൻ അദ്ദേഹം ശ്രമിച്ചു.

1929 സെപ്റ്റംബറിൽ കൂടിയ റഷ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഒമ്പതാംകോൺഗ്രസ് ഉദ്യോഗസ്ഥമേധാവിത്വത്തിനെതിരായ താക്കീതുമുഴക്കി. കൂടുതൽ വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുന്നതിനുള്ള ആവശ്യം ഊന്നിപ്പറഞ്ഞു.

"നമ്മുടെ ഹെഡ് ഓഫീസുകളിലും കേന്ദ്രങ്ങളിലും വാഴുന്ന ഉദ്യോഗസ്ഥമേധാവിത്വം, ബഹുഭൂരിപക്ഷം ജനങ്ങളുടെയും തികച്ചും നിയമസാധുതയുള്ള താൽപര്യങ്ങൾക്കെതിരായി വേദനാജനകമായ വിധത്തിൽ ആഘാതമേൽപ്പിക്കുന്നു. പാർട്ടിക്കുള്ളിലെ അസംതൃപ്തിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാരണമിതാണ്. ഇതിനുത്തരവാദിത്വം ഹെഡ് ഓഫീസുകളും കേന്ദ്രങ്ങളും വഹിക്കണം. ഇതിനെതിരായി പാർട്ടി സെൻട്രൽക്കമ്മിറ്റി അങ്ങേയറ്റത്തെ ഗൗരവാവഹമായ നടപടികളെടുക്കണം...". പാർട്ടിയുടെ പുതിയ പരിപാടിയിന്മേലുള്ള തന്റെ റിപ്പോർട്ടിൽ ലെനിൻ ഇപ്രകാരം ഊന്നിപ്പറഞ്ഞു, "ഭരണത്തിൽ ജനത മുഴുവനായി പങ്കാളികളാവുമ്പോൾ മാത്രമേ, ഉദ്യോഗസ്ഥ മേധാവിത്വത്തിനെതിരായ കയ്യേറിയ സമരത്തിന്റെ രൂക്ഷമായ പരിസമാപ്തിയിലെത്തിച്ചേരാനും, പൂർണ്ണമായ വിജയം കൈവരിക്കാനും കഴിയൂ.

രണ്ടാം ദശകത്തിന്റെ ആദ്യവർഷങ്ങളിൽ, അസ്വാസ്ഥ്യംവകവയ്ക്കാതെ അദ്ദേഹം ഉദ്യോഗസ്ഥ മേധാവിത്വത്തിനെതിരായും പ്രത്യക്ഷത്തിലുള്ള ജനാധിപത്യത്തിനു വേണ്ടിയുമുള്ള തന്റെ സമരം നവ്യമായ ഊർജ്ജസ്വലതയോടെ തുടർന്നു നടത്തി. ആജീവനാന്തം അദ്ദേഹം യഥാർഥ സ്വാതന്ത്ര്യത്തിനും ജനങ്ങളുടെ ജനാധിപത്യത്തിനും വേണ്ടി പോരാടി.

1924 ജനുവരി 21-ാം തീയതി ലെനിൻ മരണമടഞ്ഞു. അദ്ദേഹത്തിന്റെ ചരമത്തിനുശേഷം സാമ്രാജ്യത്വവലയത്തിനുള്ളിൽ കഴിയുന്നതായ ഒരു രാജ്യത്തിൽ മാത്രമായി സോഷ്യലിസം കെട്ടിപ്പടുക്കുക എന്ന കടമയാണ് സോവിയറ്റു യൂണിയൻ നേരിട്ടത്. കാരണം വളർച്ചയെത്തിയ മുതലാളിത്ത രാജ്യങ്ങളിൽ വിപ്ലവത്തിനുള്ള സാധ്യതകൾ താൽക്കാലികമായി പിന്നോക്കം പോയിക്കഴിഞ്ഞിരുന്നു. മുതലാളിത്തത്തിനൊരു സമൂർത്തവും ജീവനുള്ളതുമായ ബദൽ സോവിയറ്റു യൂണിയൻ മാത്രമായിരുന്നു.

## 6 സ്റ്റാലിൻ വാഴ്ച: ഉള്ളടക്കം ശോഷിപ്പിച്ചു

എന്നാൽ പുതിയ സമൂഹം കെട്ടിപ്പടുക്കുക എന്ന പ്രക്രിയയുടെ നടുവിൽ തന്നെ സോഷ്യലിസത്തിന്റെ ഉള്ളടക്കം സിദ്ധാന്തത്തിലും പ്രയോഗത്തിലും ശോഷിപ്പിക്കപ്പെട്ടു. സ്റ്റാലിന്റെ അധികാരാരോഹണം സോവിയറ്റ് യൂണിയനെ ഒരു വൻപിച്ച വ്യാവസായികശക്തിയാക്കി ഉയർത്തുക മാത്രമല്ല ചെയ്തത് : അത് ഉദ്യോഗസ്ഥ മേധാവിത്വഭരണോപകരണങ്ങളുടെ വളർച്ചയ്ക്കും കാരണമാക്കി. വ്യക്തിസ്വാതന്ത്ര്യം, ജനാധിപത്യം, തീരുമാനങ്ങളെടുക്കുന്നതിൽ ബഹുജനങ്ങളുടെ പങ്കാളിത്തം എന്നിവയെ സംബന്ധിച്ചുള്ള ലെനിന്റെ അടിസ്ഥാനപരമായ ആശയങ്ങൾ വിസ്മരിക്കപ്പെട്ടു. സോവിയറ്റു യൂണിയനിലെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ജനറൽ സെക്രട്ടറി ആയിത്തീർന്ന ജോസഫ് സ്റ്റാലിൻ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം എന്ന സങ്കൽപത്തെ തന്നെ പുനർനിർവചിക്കാൻ അധികം കാലതാമസം വരുത്തിയില്ല. അദ്ദേഹം എഴുതി : “തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം എന്നുവെച്ചാൽ പാർട്ടി നിർദ്ദേശങ്ങളും തൊഴിലാളി വർഗ്ഗത്തിന്റെ ബഹുജനസംഘടനകൾ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതും, തൊഴിലാളിവർഗ്ഗം ആകെ അവയെ നടപ്പാക്കുന്നതുംകൂടി ചേരുന്നതാണ്.”

സ്റ്റാലിന്റെ ദൃഷ്ടിയിൽ ട്രെയിഡ് യൂണിയനുകളും സഹകരണ സംഘടനകളും യുവജന സംഘടനകളും, സർവ്വോപരി സോവിയറ്റുകളും ഭരണകൂടത്തിന്റെ നയരൂപീകരണത്തിൽ സജീവമായി ഇടപെടുന്ന, തീരുമാനങ്ങളെടുക്കാൻ അർഹതയുള്ള ഘടകങ്ങളല്ലാതായിത്തീർന്നു. നയങ്ങളിൽ നേതൃത്വം കൊടുക്കുക എന്ന പാർട്ടിയുടെ ചുമതല നടപ്പാക്കാനുള്ള “വിനിമയോപാധി” (Transmission betts) എന്ന സ്റ്റാലിന്റെ ചിത്രീകരണത്തിനനുസരണമായി ഈ സംഘടനകൾ മാറ്റപ്പെട്ടു. ‘ലെനിനിസത്തിന്റെ പ്രശ്നങ്ങൾ’ എന്ന പുസ്തകത്തിൽ സ്റ്റാലിൻ ഈ പുതിയ ആശയത്തെ താഴെ പറയുന്നവിധത്തിൽ വിശദീകരിച്ചു :

“ഈ പരിതഃസ്ഥിതിയിൽ നേതൃത്വം കൊടുക്കുക എന്നുവച്ചാൽ പാർട്ടിനയത്തിന്റെ ശരിയെപ്പറ്റി ബഹുജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ പ്രാപ്തി ഉണ്ടാവുക എന്നാണർഥം : പാർട്ടിയുടെ നിലപാടിലേക്ക് ബഹുജനങ്ങളെ നയിക്കത്തക്കവിധത്തിൽ മുദ്രാവാക്യങ്ങൾ ആവിഷ്കരിക്കുകയും ഉപയോഗിക്കുകയും ചെയ്യുക; ബഹുജനങ്ങളെ സ്വന്തം അനുഭവങ്ങളിൽക്കൂടി പാർട്ടിനയത്തിന്റെ ശരി ബോദ്ധ്യപ്പെടുന്നതിന് അവരെ സഹായിക്കുക; ബഹുജനങ്ങളെ പാർട്ടിബോധത്തിന്റെ നിലവാരത്തിലേക്ക് ഉയർത്തുക എന്നാണിതിന്റെ അർഥം. ‘അങ്ങിനെ പാർട്ടിക്ക് ബഹുജനങ്ങളുടെ പിന്തുണ ഉറപ്പുവരുത്തുകയും അവരെ നിർണ്ണായകമായ സമരത്തിന് തയ്യാറാക്കുകയും ചെയ്യുക എന്നാണർഥം.”

ഭരണകൂടവും വിപ്ലവവും എന്ന പുസ്തകത്തിലും പിന്നീടുള്ള ഗ്രന്ഥങ്ങളിലും ലെനിൻ രൂപം നൽകിയിട്ടുള്ള പ്രത്യക്ഷജനാധിപത്യം എന്ന ആശയത്തിന്റെ വികൃതമാക്കലാണ് ഈ പുതിയ ചിത്രീകരണമെന്ന് വ്യക്തമാണ്. സോവിയറ്റുകൾ ശോഷിപ്പിക്കപ്പെട്ടു. ഭരണപരമായ തീരുമാനങ്ങൾ എടുക്കുന്നതിലോ, പാർട്ടിയുടെ നയങ്ങൾ രൂപീകരിക്കുന്നതിലോ തൊഴിലാളികൾക്കും ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ സഹായത്തോടുകൂടി പാർട്ടി നേതൃത്വം തന്നെ കൈക്കൊണ്ടു. ബഹുജനങ്ങൾ പാർട്ടിനയങ്ങൾക്കൊത്ത് നിൽക്കുകയും അവ നടപ്പാക്കുകയും ചെയ്തുകൊള്ളുകമാത്രം എന്ന സ്ഥിതിയിലായി.

“വാദിച്ചു ബോധ്യപ്പെടുത്തൽ എന്ന മാർഗ്ഗമാണ് ബഹുജനങ്ങളെ നയിക്കുന്നതിന് പാർട്ടി അടിസ്ഥാനപരമായി സ്വീകരിക്കുന്ന മാർഗ്ഗം എന്ന് സ്റ്റാലിൻ തന്റെ ‘ലെനിനിസത്തിന്റെ പ്രശ്നങ്ങൾ’ എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട് എന്ന കാര്യം ശരിയാണ്. പക്ഷേ, വാദിച്ചു ബോദ്ധ്യപ്പെടുത്തൽ വളരെവേഗം വെടിയുണ്ടകളും തടങ്കൽപാളയങ്ങളുമായി മാറി എന്ന് നമുക്കറിയാം. 1953-ൽ സ്റ്റാലിന്റെ മരണത്തോടുകൂടി അദ്ദേഹത്തിന്റെ ദീർഘമായ ഭരണകാലം അവസാനിച്ചശേഷം മാത്രമാണ് ഇതിന്റെയെല്ലാം ദുരന്തഫലങ്ങൾ വെളിവായത്.

പ്രത്യക്ഷ ജനാധിപത്യത്തെപ്പറ്റിയുള്ള ലെനിന്റെ സങ്കൽപങ്ങളുടെ സവിശേഷമായ പ്രാധാന്യത്തെ ഈ വികൃതപ്പെടുത്തലുകളൊന്നും തന്നെ ഇല്ലാതാക്കുന്നില്ല. ഒരു പക്ഷേ ഇന്ന് അവ കൂടുതൽസംഗതമായി തീർന്നിരിക്കണം. എന്നാൽ ഇതിന്റെ അർഥം ഒരാളിനു ശരിയാണെന്നു സ്ഥാപിക്കണമെന്നോ, തെറ്റാണെന്നു തെളിയിക്കണമെന്നോ വ്യക്തിപരമായി ആവശ്യമുള്ള ഒരു കാര്യത്തെ സംബന്ധിച്ച് തന്റെ അഭിപ്രായഗതിക്കു അനുകൂലമായവിധം അദ്ദേഹത്തിന്റെ പ്രസ്താവനകൾ ഉദ്ധരിച്ച് സംതൃപ്തിയടയാം. എന്നല്ല, വിമർശനാത്മകമായ രീതിയിൽവേണം. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെ കൈകാര്യം ചെയ്തതു ചരിത്രപരമായ ഏത് സവിശേഷപരിതസ്ഥിതികളിലാണ് എന്നു നോക്കിവേണം അങ്ങിനെ ചെയ്യാൻ.

താൻ നയിച്ച വിപ്ലവത്തിന്റെ സവിശേഷതകൾ ലെനിൻതന്നെ ഊന്നുകയുണ്ടായി എന്ന കാര്യം നാം വിസ്മരിച്ചുകൂടാ. റഷ്യയുടെ പിന്നോക്കാവസ്ഥയും മറ്റു ഘടകങ്ങളും ആവശ്യമാക്കിത്തീർത്തതാണ് അദ്ദേഹം സ്വീകരിച്ച സമരതന്ത്രവും അടവുകളും. അതിനാൽ മറ്റു രാജ്യങ്ങൾക്ക് വിശേഷിച്ചും പുരോഗമിച്ച മുതലാളിത്ത രാജ്യങ്ങൾക്ക് മാതൃകയാവാൻ അവ അനുയോജ്യമല്ല. ലെനിൻതന്നെ പറഞ്ഞിട്ടുള്ളതുപോലെ വിവിധങ്ങളായ പാതകളിൽക്കൂടിയാണ് വിവിധ രാജ്യങ്ങൾ സോഷ്യലിസത്തിലേക്ക് മാർച്ചു ചെയ്യുന്നത്. എല്ലാ ചൂഷണവും മർദ്ദനവും അവസാനിപ്പിച്ചുകൊണ്ട് ഒരു സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുക്കാൻ ഇൻഡ്യാക്കാരായ നാം നമ്മുടെ സ്വന്തം പാത സ്വീകരിക്കണം. എന്നാൽ ലെനിന്റെ ചിന്തയിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും നമുക്കു വളരെയേറെ പഠിക്കാൻ കഴിയും. പക്ഷേ, ലെനിനിൽ നിന്നും പഠിക്കുക എന്നതിന്റെ അർഥം അദ്ദേഹത്തെ ഉദ്ധരിക്കുക, അദ്ദേഹത്തിന്റെ ചിന്താശകലങ്ങൾ ഉരുവിടുക എന്നല്ല, പുതിയ സാഹചര്യങ്ങൾ മനസ്സിലാക്കുവാനും സോഷ്യലിസത്തിനുവേണ്ടിയുള്ള സമരത്തിൽ പൊന്തിവരുന്ന പുതിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനും അദ്ദേഹത്തിന്റെ സമ്പ്രദായം ഉപയോഗിക്കുക എന്നാണതിന്റെ അർഥം.

—മാർക്സിസ്റ്റ് വീക്ഷണം
1970 ഏപ്രിൽ

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 10

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും
2. മാർക്സിസവും വർഗ്ഗസമരവും
3. മാർക്സിസവും മതവും
4. ചരിത്രപരമായ ഭൗതികവാദം
5. ലക്ഷ്യങ്ങളും മാർഗങ്ങളും
6. സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ?
7. കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ
8. നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ
9. ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം
10. ഒരു ഇന്ത്യൻ കമ്യൂണിസ്റ്റിന്റെ ഓർമക്കുറിപ്പ്
11. ശ്രീശങ്കരൻ ഹെഗൽ മാർക്സ്
12. വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം
13. ജോർജ്ജ് ലൂക്കാച്ച്
14. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
15. രാഹുൽജി
16. ശ്രീനാരായണഗുരു


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014